₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 14
Issue 5

**November 2025**

pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു”

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L  L I F E  V O I C E

| Volume 14 | Issue 5 | November 2025 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-



Editor:

**Dr. SEBASTIAN M.V.**

*MA(Eng), MA(His), MA(Socio), MCom(Edu.Mgt), MPhil(Eng), PhD(Eng)*

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in



**Book No. 167**


## ഉള്ളടക്കം


പേജ്

- **പ്രസംഗവും ഹൈഡ്രജൻ ബലൂണും** 3
- **ആസ്യയിലെ ഏഴ് സഭകൾ** (21) 6
- **യോനാ** (പുസ്തകപഠനം) (17) 9
- **കുടുംബജീവിതം: പ്രായോഗികചിന്തകൾ**(1) 12
- **ഒരുമിച്ച് 50 വർഷങ്ങൾ** (Episode 1) 15
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (47) 19
- **ദുരന്തക്കാഴ്ചകൾ** (72) 21
- **സഭാഷ്! സുപ്രീംകോടതി** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ





# പ്രസംഗവും ഹൈഡ്രജൻ ബലൂണും

പാസ്റ്റർ അനീഷ് കാവാലത്തിന്റെ കൺവൻഷൻപ്രസംഗമാണ് സന്ദർഭം. കൺവൻഷൻപന്തലിടാൻ അത്രയധികം സ്ഥലമൊന്നും ഇല്ല. ഉള്ള സ്ഥലത്ത് സ്റ്റേജ് ക്രമീകരിച്ചു, കസേരകൾ നിരത്തി. ധാരാളം ആളുകൾ തടിച്ചുകൂടിയിരുന്നു. ചാരത്തുനിന്നും ദൂരത്തുനിന്നും ആളുകൾ പ്രസംഗം കേൾക്കാൻ വന്നിരുന്നു. കൺവൻഷൻപ്രസംഗം നടക്കുന്നത് എന്റെ വീടിന്റെ അടുത്തായതുകൊണ്ടും, എന്നെ വീട്ടിൽ വന്ന് പ്രത്യേകം വിളിച്ചിരുന്നതുകൊണ്ടും ഞാനും അവിടെ സന്നിഹിതനായിരുന്നു.

പ്രസംഗവും പാട്ടും തമാശക്കഥകളുമായി പാസ്റ്റർ അനീഷ് കാവാലത്തിന്റെ പ്രസംഗം ചടുലതാളത്തിൽ മുന്നേറുന്നു. അപ്പോഴാണ് കസേരകൾ ഇട്ടിരിക്കുന്നതിന്റെ ഇടയ്ക്കുള്ള നടവഴിയിലൂടെ നാലോ അഞ്ചോ വയസ്സ് പ്രായമുള്ള ഒരു കുരുന്ന്, ഹൈഡ്രജൻ ബലൂൺ നൂലിൽ കെട്ടി, ആ നൂലിൽ പിടിച്ച് വരുന്നു. ബലൂൺ ഉയർന്നു നിന്നു. എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടായി. ആ കുട്ടി മുന്നോട്ട് ഓടി, സ്റ്റേജ് വരെ എത്തിയതിനുശേഷം പുറകോട്ടോടി. ചിലർ ചിരിച്ചു. ചിലർ തിരിഞ്ഞുനോക്കി. പ്രസംഗം കേട്ടുകൊണ്ടിരുന്ന ആ അന്തരീക്ഷം കലങ്ങി. കാറ്റിൽ പറന്നുയർന്ന് ആ ബലൂൺ ഞാൻ ഇരിക്കുന്നതിന്റെ തൊട്ടുമുകളിൽ എത്തിയിരുന്നു. ഒരു മൊട്ടുസൂചി കൈവശമുണ്ടായിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിച്ചുപോയി.

പ്രസംഗം തുടർന്നു. ദേ ആ കുട്ടി പിന്നെയും ബലൂണുമായി വരുന്നു. ഇത് പലയാവർത്തി തുടർന്നു. ഒരാളും ആ കുഞ്ഞിനെ നിയന്ത്രിക്കാനോ തടയാനോ ഉണ്ടായില്ല. ആ കുഞ്ഞിന്റെ അപ്പനും അമ്മയും എവിടെ? ആ കുഞ്ഞിന്റെ പ്രകടനം കണ്ട് രോമാഞ്ചം കൊണ്ടിരിക്കുകയായിരുന്നോ അവർ? കാണുന്നവരോടൊക്കെ, “ആ ഹൈഡ്രജൻബലൂണുമായി നടന്നിരുന്നത് ന്റെ മോനാണ്`” എന്നു പറഞ്ഞ് നിഗളിക്കാൻ തക്കവിധം അല്പന്മാരായ മാതാപിതാക്കളായിരുന്നോ അവർ? അവിടെ തടിച്ചുകൂടിയിരുന്ന ജനം ഈ കുഞ്ഞിന്റെ ബലൂൺകളി കാണാനല്ല വന്നിരിക്കുന്നത് എന്ന് മനസ്സിലാക്കാനുള്ള സാമാന്യബോധം ഇല്ലാത്തവരായിരുന്നോ ആ മാതാപിതാക്കൾ?

**കുഞ്ഞുങ്ങൾ അനുഗ്രഹിക്കപ്പെടാതെ പോകരുതേ**

ആത്മികപരിപാടികളിൽ കുഞ്ഞുങ്ങളെ അച്ചടക്കത്തോടെ ഇരുത്താൻ അവരുടെ കുഞ്ഞുപ്രായത്തിലേ മാതാപിതാക്കൾ ശ്രദ്ധിക്കണം. അവിടെ നടക്കുന്ന പാട്ടും പ്രാർത്ഥനയും ഗൗരവമുള്ള കാര്യങ്ങളാണ് എന്ന് കുഞ്ഞുങ്ങൾ തിരിച്ചറിയണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം, അവരെ ഉപദേശിക്കണം, ശാസിക്കണം, വേണ്ടിവന്നാൽ ചെറിയ തോതിൽ ശിക്ഷിക്കലുമാവാം. മാതാപിതാക്കൾ ലക്ഷ്യം നേടിയെടുക്കണം. കുഞ്ഞുങ്ങളെ അച്ചടക്കത്തോടെ ഇരുത്താൻ പരിശീലിപ്പിക്കണം. അവർ അംഗനവാടികളിലോ സ്കൂളിലോ അടങ്ങിയിരിക്കുന്നവരാണ് എന്ന കാര്യം നാം മറക്കരുത്.

അവിടെയെല്ലാം അടങ്ങിയിരിക്കുന്ന മക്കൾ എന്തുകൊണ്ട് സഭായോഗങ്ങളിൽ അടങ്ങിയിരിക്കുന്നില്ല? ഉത്തരം വ്യക്തം. അംഗനവാടിയിലും സ്കൂളിലും ആ കുഞ്ഞുങ്ങളുടെ മാതാപിതാക്കളില്ല. അതുകൊണ്ട് ആ കുഞ്ഞുങ്ങൾ അടങ്ങിയിരിക്കുന്നു. സഭായോഗങ്ങളിലും മറ്റും അവരുടെ മാതാപിതാക്കളുണ്ട്. അപ്പോൾ അതാണ് കാരണം. പ്രശ്നം കിടക്കുന്നത് കുഞ്ഞുങ്ങളിലല്ല, മാതാപിതാക്കളിലാണ്. ഉപദേശം വേണ്ടത് കുഞ്ഞുങ്ങൾക്കല്ല, മാതാപിതാക്കൾക്കാണ്. ആദ്യം നന്നാവേണ്ടത് കുഞ്ഞുങ്ങളല്ല, മാതാപിതാക്കളാണ്. സഭായോഗങ്ങളുടെ ഗൗരവം ആദ്യം മനസ്സിലാക്കേണ്ടത് കുഞ്ഞുങ്ങളല്ല, മാതാപിതാക്കളാണ്.

മക്കളോടുള്ള അതിരുകവിഞ്ഞ വാത്സല്യം നിമിത്തം ആത്മികപരിപാടികൾ അലങ്കോലമാക്കാൻ മക്കളെ അനുവദിച്ചാൽ, ആ മക്കൾ അനുഗ്രഹിക്കപ്പെടാതെ പോകും എന്ന് പറയാൻ ഞാൻ ധൈര്യപ്പെടുകയാണ്. ഞാൻ വിശ്വാസജീവിതം തുടങ്ങിയിട്ട് 38 കൊല്ലമായി. സഭായോഗങ്ങളിൽ അടങ്ങിയിരിക്കാതെ മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കത്തക്കവിധം മാതാപിതാക്കൾ അഴിച്ചുവിടപ്പെട്ട രീതിയിൽ പല കുഞ്ഞുങ്ങളേയും ഈ കാലയളവിൽ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. കാലചക്രം മുന്നോട്ടുരുണ്ടു നീങ്ങിയപ്പോൾ ആ കുഞ്ഞുങ്ങൾ കൗമാരക്കാരോ യൗവനക്കാരോ ആയി മാറി. പക്ഷേ അവരിൽ ഭൂരിഭാഗം പേരും വിശ്വാസികളായി മാറിയില്ല!

**ശുശ്രൂഷിക്കുന്നവരുടെ മനോവിഷമം**

പാസ്റ്റർ അനീഷ് കാവാലം, ആ കുഞ്ഞിന്റെ പ്രകടനം ശ്രദ്ധിക്കാതെ, തന്റെ പ്രസംഗം തുടർന്നു. എന്നാൽ എല്ലാവർക്കും അങ്ങനെ സാധിച്ചുകൊള്ളണമെന്നില്ല. ഒരാൾ വചനശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുമ്പോൾ കുഞ്ഞുങ്ങളുടെ കളിയും ചിരിയും കണ്ടുകൊണ്ട് ആളുകൾ ഇരിക്കുകയാണെങ്കിൽ വചനം പറയുന്ന സഹോദരന്റെ ശ്രദ്ധയും ഒഴുക്കും തടസ്സപ്പെടും. അദ്ദേഹത്തിന്റെ മനപ്രയാസം മനസ്സിലാക്കാൻ അതുപോലെ ദൈവവ

ചനം പറയുന്നവർക്ക് കഴിയും. കുഞ്ഞുങ്ങളെ നിയന്ത്രിക്കാത്ത മാതാപിതാക്കൾ പലരും സഭയിൽ ശുശ്രൂഷകൾ ചെയ്യുന്നവരല്ല എന്നതാണ് മറ്റൊരു കൗതുകം. ശുശ്രൂഷകളിൽ ഏർപ്പെടുന്നവരാണെങ്കിൽ അവ തടസ്സപ്പെടുമ്പോഴുള്ള വിഷമം അവർക്ക് മനസ്സിലായേനേ.

ഈ മാതാപിതാക്കളിൽ ആരെങ്കിലും അത്യാവശ്യമായി ഒരാൾക്ക് ഫോൺ ചെയ്തുകൊണ്ടിരിക്കുകയാണെന്നു കരുതുക. അന്നേരം അവരുടെ കുഞ്ഞ് ആ ഫോൺവിളി തടസ്സപ്പെടുത്തിയാൽ, ആ കുഞ്ഞിനെ ശാസിക്കാനും തല്ലാനും അവർ തയ്യാറാകുന്നു! 'ഫോൺവിളിശുശ്രൂഷ' തടസ്സപ്പെട്ടപ്പോഴുള്ള അരിശം നോക്കുക! ഇവരാണോ ആത്മികപരിപാടികളിൽ മക്കളെ ലക്കും ലഗാനുമില്ലാതെ അഴിച്ചുവിടുന്നത്? ശുശ്രൂഷകൾ തടസ്സപ്പെടുമ്പോൾ ശുശ്രൂഷകന്മാർക്കുണ്ടാകുന്ന നീരസവും വിഷമവും ദൈവം കാണുന്നുണ്ട്. ആത്മികാന്തരീക്ഷം തടസ്സപ്പെടുന്നതിന്റെ നീരസം ദൈവത്തിനും ഉണ്ട്. എല്ലാംകൂടി മക്കൾ ശാപഗ്രസ്തരാകാൻ ഇടവരരുത്.

**സഭാനേതൃത്വം ഇടപെടാത്തത് എന്ത്?**

പാസ്റ്റർ അനീഷ്കാവാലത്തിന്റെ യോഗത്തിൽ ബലൂണുമായി എത്തിയ കുഞ്ഞിനെ തടയാൻ നേതൃത്വത്തിലെ ആരും ശ്രമിക്കാഞ്ഞത് എന്തുകൊണ്ട്? സഭായോഗങ്ങളിൽ അടങ്ങിയിരിക്കാത്ത കുഞ്ഞുങ്ങളെ നിയന്ത്രിക്കാനോ അവരുടെ മാതാപിതാക്കളെ ഉപദേശിക്കാനോ സഭാനേതൃത്വം ശ്രദ്ധിക്കാത്തത് എന്തുകൊണ്ട്? മറുപടി ലളിതം. ഉപദേശിക്കുന്നവരുണ്ട്. അവരുടെ ഗതി എന്താണെന്ന് നോക്കിയാൽ മറുപടി ലഭിക്കും. കുഞ്ഞുങ്ങളെ അടക്കിയൊതുക്കി ഇരിക്കാൻ പറഞ്ഞതിന്റെ പേരിൽ എത്ര പേർ സഭയിൽ നിന്ന് പോയിരിക്കുന്നു! എത്ര സഭകൾ പിളർന്നിരിക്കുന്നു! അതുകൊണ്ടാണ് ഇന്ന് നേതൃത്വത്തിലെ ആളുകൾ മിണ്ടാതിരിക്കുന്നത്. മിണ്ടിയാൽ തീർന്നു. സ്നേഹബന്ധം തീർന്നു. സഭാബന്ധം തീർന്നു.

ഇതൊന്നും നഷ്ടപ്പെടുത്താൻ നേതൃത്വത്തിലുള്ളവർ ആഗ്രഹിക്കുന്നില്ല. ഈ കുഞ്ഞുങ്ങൾ വളർന്നുവലുതാകുമ്പോൾ പക്വതയുള്ളവരായി വരും എന്ന് അവർ ആശ്വസിക്കുന്നുണ്ടാകും. പക്ഷേ അങ്ങനെ സംഭവിക്കാനുള്ള സാധ്യതാശതമാനം വളരെ കുറവാണെന്ന് അവർക്കറിയാതെയല്ല. എങ്കിലും വെറുതെ അങ്ങനെ ആശ്വസിക്കുന്നുവെന്നു മാത്രം. ആത്മികപരിപാടികളിൽ തങ്ങളുടെ മക്കളെ ഗൗരവത്തോടെ ഇരുത്തുന്ന നിരവധി മാതാപിതാക്കളുണ്ട് എന്ന കാര്യവും ഇവിടെ എടുത്തുപറയേണ്ടതാണ്. ബാംഗ്ലൂരിൽ കന്നടക്കാർ കൂടിവരുന്ന ഒരു സഭാകൂടിവരവിൽ തീരെ കുഞ്ഞുകുട്ടികൾ വരെ അടങ്ങിയിരിക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞു. മാതാപിതാക്കൾ ആദ്യം സഭായോഗങ്ങളുടെ മൂല്യം മനസ്സിലാക്കട്ടെ. അപ്പോൾ അവർ കുഞ്ഞുങ്ങളെയും അത് പഠിപ്പിക്കും.

**എംവിഎസ്**

# ആസ്യയിലെ ഏഴ് സഭകൾ

**21** **വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## തുയഥൈരയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:18-29)

*എന്നാൽ ഈ ഉപദേശം കൈക്കൊള്ളാതെയും അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും തുയഥൈരയിലെ ശേഷം പേരോട്: വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല... (2:24)*

ഈ ഉപദേശം:

അതായത്, ഈസെബേലിന്റെ ഉപദേശം. സഭയിലെ പല വിശ്വാസികളും ഈസെബേലിന്റെ ഉപദേശമാകുന്ന വലയിൽ പെട്ടുപോയെങ്കിലും ചിലരെങ്കിലും ദൈവഭയത്തിൽ തങ്ങളെത്തന്നെ സൂക്ഷിക്കുന്നവരുണ്ട്. കർത്താവിന് അവരെ വേർതിരിച്ചറിയാം.

സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാത്തവർ:

ഈസെബേലിന്റെ ഉപദേശം കൈക്കൊള്ളുന്നവർ മറ്റുള്ളവരെ പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. അവർ സത്യവചനം മുറുകെപ്പിടിച്ചിരിക്കുന്ന മറ്റുള്ളവരെ വിളിച്ചത്, 'സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാത്തവർ' എന്നാണ്. "അവർ പറയുംപോലെ" എന്നുണ്ടല്ലോ. സാത്താനെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാത്തതിന്റെ കുറവാണ് അവർക്ക് എന്ന് അവർ കളിയാക്കിയിരിക്കാം. നല്ല ആഴത്തിൽ ചിന്തിക്കുന്നവനു മാത്രമേ ഈ ഉപദേശം മനസ്സിലാക്കാൻ കഴിയൂ എന്ന് അവർ പറഞ്ഞിരിക്കാം. ഈ ദുരുപദേശക്കാർ deep things of Satan (സാത്താന്റെ ആഴമുള്ള കാര്യങ്ങൾ) അറിയുന്നവരാണത്രേ!

ദുർന്നടപ്പ് ആകാമെന്നും വിഗ്രഹാർപ്പിതം ഭക്ഷിക്കാം എന്നുമുള്ള ഈസെബേലിന്റെ ഉപദേശത്തെ എതിർക്കുന്നവർ സാത്താനെ ശരിക്കും മനസ്സിലാക്കാത്തവരാണെന്നാണ് അവർ പറയുന്നത്. ദുർന്നടപ്പും വിഗ്രഹാർപ്പിതവും തെറ്റുകളായി സാത്താൻ കാണുന്നില്ലെന്ന് അവർ വാദിച്ചിരിക്കാം.

ശരീരവുമായി ബന്ധപ്പെട്ട ഈ കാര്യങ്ങൾ ആത്മാവിനെ ബാധിക്കയില്ലെന്നും അവർ വാദിച്ചുവോ?

തുയഥൈരസഭയിലെ ദുരുപദേശക്കാർ സ്വയം വിശേഷിപ്പിച്ചത്, അവർ 'സാത്താന്റെ ആഴങ്ങൾ അറിയുന്നവർ' എന്നാണ്. മറ്റുള്ളവരെ 'സാത്താന്റെ ആഴങ്ങൾ അറിയാത്തവർ' എന്നും വിളിച്ചു. വാസ്തവത്തിൽ നാം മനസ്സിലാക്കേണ്ടത് ദൈവത്തിന്റെ ആഴങ്ങളാണ്. തെറ്റും ശരിയും തീരുമാനിക്കുന്നത് ദൈവമാണ്, സാത്താനല്ല. ദൈവത്തിന് പ്രസാദകരമാണോ എന്നാണ് നാം ചിന്തിക്കേണ്ടത്. അല്ലാതെ സാത്താൻ ഇവ വെറുക്കുന്നുണ്ടോ എന്നല്ല.

അവർ വിളിച്ച ആ വിളി – സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാത്തവർ എന്ന വിളി – കർത്താവ് ഏറ്റെടുക്കുന്നു. തന്റെ സഭയിലെ ഭക്തരായ ആളുകളെയാണ് 'സാത്താന്റെ ആഴങ്ങൾ അറിയാത്തവർ' എന്നവർ വിളിച്ചത്. ആ വിളിയെ കർത്താവ് അംഗീകരിക്കുന്നു. മറ്റവർ കളിയാക്കി വിളിച്ച പേരിനെയാണ് കർത്താവ് അംഗീകരിച്ചിരിക്കുന്നത്. സാത്താന്റെ ആഴങ്ങൾ ഞങ്ങൾക്കറിയാം എന്നുപറഞ്ഞ് പല പാപങ്ങളെയും ന്യായീകരിച്ചുനടക്കുന്നവർ! ഇക്കൂട്ടർ ഇന്നുമില്ലേ? ദൈവവചനം പാപമെന്നു വിളിച്ച പലതിനെയും ന്യായീകരിച്ചും വ്യാഖ്യാനിച്ചും അവ പാപമല്ല എന്നു പറയുന്നവർ!

### വേറൊരു ഭാരവും ചുമത്തുന്നില്ല

ഈസെബേലിന്റെ ദുരുപദേശത്തെ എതിർത്തുകൊണ്ടും അവരുടെ കളിയാക്കലുകളെ സഹിച്ചുകൊണ്ടും അവരുടെ ന്യായീകരണങ്ങളെ ഖണ്ഡിച്ചുകൊണ്ടും പ്രയാസത്തോടെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന തുയഥൈരയിലെ ശേഷം പേരോട് കർത്താവ് പറയുന്നു: "വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല" ഇപ്പോൾ ഉള്ള പ്രശ്നങ്ങളെല്ലാം ധാരാളമാണ്. അതിനെ ദൈവകൃപയിലാശ്രയിച്ച് അതിജീവിക്കുക. ദുരുപദേശത്തോട് പൊരുതുക. വേറെ പ്രശ്നങ്ങളൊന്നുമില്ലാതെ കർത്താവ് കാത്തുകൊള്ളും.

തന്റെ ഭക്തന്മാർ അനുഭവിക്കുന്ന പ്രയാസവും പോരാട്ടവും കൃത്യമായി തൂക്കിനോക്കി മനസ്സിലാക്കുന്നവനാണ് നമ്മുടെ കർത്താവ്. കൂടുതൽ ഭാരം വരാതെ അവിടുന്ന് നോക്കിക്കൊള്ളും. പ്രശ്നങ്ങൾകൊണ്ട് പൊറുതിമുട്ടി നെടുവീർപ്പിടുന്ന ദൈവപൈതലേ, നിരാശപ്പെടേണ്ടതില്ല. ഇപ്പോൾ നിങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളെല്ലാം അഭിമുഖീകരിക്കാനുള്ള പ്രാപ്തി ദൈവം നിങ്ങൾക്ക് തന്നിട്ടുണ്ട്. നിങ്ങൾക്ക് സഹിക്കാൻ കഴിയാത്ത ഭാരം കർത്താവ് തരില്ല. "വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല" എന്ന വാഗ്ദത്തം ശ്രദ്ധിക്കുക. ആ വാഗ്ദത്തത്തിൽ മുറുകെ പിടിക്കുക. സഹിക്കാൻ കഴിയുന്നതിനു മീതെ അവിടുന്ന് അനുവദിക്കുകയില്ല. അമിതഭാരം നിമിത്തം നാം നടുവൊടിഞ്ഞുവീഴാതെ കർത്താവ് കരുതിക്കൊള്ളും.

*എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്ന് ഞാൻ കല്പിക്കുന്നു (2:25)*

നിങ്ങൾക്കുള്ളത്

19-ാം വാക്യത്തിൽ അവർക്കുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കൂടാതെ ഈസെബേലിന്റെ ദുരുപദേശത്തോട് വിമുഖത കാണിച്ചുനിൽക്കുന്നു എന്ന കാര്യവും ഉണ്ട്. ഈ ഗുണങ്ങളെല്ലാം അവർ മുറുകെപ്പിടിക്കണം. പുതിയ ഭാരമൊന്നും ഏൽപ്പിക്കുന്നില്ല.

എന്നിൽ എന്തു ഗുണങ്ങളാണുള്ളത്? ഓരോരുത്തരും ചിന്തിക്കുക. ദൈവവചനപ്രകാരമുള്ള ഗുണങ്ങൾ വളർത്തിയെടുക്കുകയും അവ നില നിർത്തുകയും ചെയ്യാൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. ഗുണനിലവാരമുള്ള വിശ്വാസികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കയാണ് എന്ന കാര്യം വ്യക്ത മാണല്ലോ. സഭയിൽ ആളുകളുണ്ട്, പക്ഷേ ഭക്തന്മാരില്ല. സഭയിൽ വിശ്വാ സികളുണ്ട്, പക്ഷേ വിശ്വാസം പലർക്കുമില്ല. ഗുണനിലവാരമുള്ള ക്രിസ്ത്യാ നികളായി നാം കാണപ്പെടണം.

ഞാൻ വരുംവരെ

കർത്താവിന്റെ അടുത്ത വരവുവരെ മാത്രമാണ് നമുക്ക് പോരാട്ടമുള്ള ത്. കർത്താവ് വന്നുകഴിഞ്ഞാൽ സകലവും ശുഭമാണ്. പിന്നെ കണ്ണുനീരി ല്ല, ദുഃഖമില്ല, വേദനയില്ല, അപമാനമില്ല, പോരാട്ടമില്ല... അതുവരെ പിശാചി നോടു പൊരുതി നാം നിൽക്കണം. നമ്മുടെ മുന്നിൽ പിശാച് വയ്ക്കുന്ന പ്രതികൂലങ്ങളെ നാം അതിജീവിക്കണം. ക്ഷീണിച്ചു മടുക്കാതെ നാം നോക്കണം. കർത്താവിന്റെ വരവിന് ഇനി അധികം താമസമില്ല. വീണു പോകാതെ നാം നോക്കണം. കർത്താവിന്റെ കൃപയിലാശ്രയിക്കണം. നമ്മെ അലട്ടുന്ന പ്രശ്നങ്ങൾക്ക് അവസാനമുണ്ട് എന്ന ചിന്ത തന്റെ ഭക്തന്മാരിൽ ഉറപ്പിക്കുകയാണ് കർത്താവ് ഇവിടെ ചെയ്യുന്നത്.

**(തുടരും)**

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Aleyamma Thomas, Rajakumari, Idukki | No reason given |
| Poulose V P, Keezhillam | No reason given |
| Maxwell Pinheiro, Thrippoonithura, Ekm | Left |
| Sam Davis, Vaduthala, Kochi | Left |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

# യോനാ
## (പുസ്തകപഠനം)

17

### -എംവിഎസ്-

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:9**

**അതിന് അവൻ അവരോട്: ഞാൻ ഒരു എബ്രായൻ. കടലും കരയും ഉണ്ടാക്കിയ സ്വർഗീയദൈവമായ യഹോവയെ ഞാൻ ഭജിച്ചു വരുന്നു എന്നു പറഞ്ഞു.**

കപ്പൽപ്രമാണി യോനായെ ഭൗതികമായ ഉറക്കത്തിൽനിന്ന് ഉണർത്തി. 1:8 ലെ നാലു ചോദ്യങ്ങൾ അവനെ ആത്മികമായ ഉറക്കത്തിൽനിന്ന് ഉണർത്തി. ഇതാ ആ ചോദ്യങ്ങൾക്ക് അവൻ മറുപടി പറയുന്നു.

**ഞാൻ ഒരു എബ്രായൻ**

അബ്രാഹാം എബ്രായൻ എന്നറിയപ്പെട്ടു (ഉല്പത്തി 14:13). യോസേഫ് എബ്രായൻ എന്നറിയപ്പെട്ടു (ഉല്പത്തി 39:17). മോശെ എബ്രായൻ എന്നറിയപ്പെട്ടു (പുറപ്പാട് 7:16). ദാവീദ് എബ്രായൻ എന്നറിയപ്പെട്ടു (1 ശമൂവേൽ 29:3).

എബ്രായർ എന്ന പേര് എങ്ങനെ ലഭിച്ചു?

നോഹയുടെ ജലപ്രളയത്തിനു മുമ്പ് ഭൂമിയിൽ ജീവിച്ചവരിൽ ഏറ്റവുമധികം ആയുസ്സ് മെഥൂശലഹിനായിരുന്നു. മെഥൂശലഹ് 969 വർഷം ജീവിച്ചു (ഉല്പത്തി 5:27). എന്നാൽ ജലപ്രളയത്തിനുശേഷം ജനിച്ചവരിൽ ഏറ്റവുമധികം കാലം ജീവിച്ചത് ഏബെർ ആണ്. 464 വർഷം. (ഉല്പത്തി 11:16,17). ശേം 600 വർഷം ജീവിച്ചുവെങ്കിലും ശേം ജലപ്രളയത്തിനു മുമ്പ് ജനിച്ചവനാണല്ലോ. ഏബെരിന്റെ സന്തതിപരമ്പരകൾ എന്ന അർത്ഥത്തിലാണ് എബ്രായർ എന്ന് അവർ വിളിക്കപ്പെടാൻ തുടങ്ങിയത് എന്ന് അഭിപ്രായമുണ്ട്.

അബ്രാഹാം, യോസേഫ്, മോശെ, ദാവീദ് എന്നിവരെല്ലാം 'എബ്രായൻ' എന്നറിയപ്പെട്ടതിനാൽ, വലിയൊരു പാരമ്പര്യം യോനായ്ക്ക് അവകാശപ്പെടാനുണ്ട്. ആ പാരമ്പര്യം ഓർത്തുകൊണ്ട്, അത്യധികം അഭിമാനത്തോടെ യോനാ പറഞ്ഞു: ഞാൻ ഒരു എബ്രായൻ.

ദൈവഭക്തരായ ആളുകൾ ഉണ്ടെന്ന പാരമ്പര്യം അഭിമാനത്തോടെ ഓർക്കുന്നതൊക്കെ കൊള്ളാം. അതിനു തക്ക നിലവാരത്തിൽ ജീവിക്കാതെ പാരമ്പര്യത്തിൽ ഊറ്റം കൊണ്ടിട്ട് എന്തു കാര്യം? ക്രിസ്ത്യാനികളായ നമുക്കും വലിയൊരു പാരമ്പര്യം ഉണ്ട്. എബ്രായർ 12:1 ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: "ആകയാൽ സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക"

മുന്നേ നടന്നുപോയ വിശുദ്ധന്മാരുടെ കാൽപ്പാടുകൾ പതിഞ്ഞ പാത നമ്മുടെ മുന്നിൽ കിടപ്പുണ്ട്. അതിലൂടെ നടന്നാൽ മതി. ദൈവത്തിനുവേണ്ടി നിലകൊണ്ടവർ, ഏത് പ്രതിസന്ധിയിലും കുലുങ്ങാതിരുന്നവർ, ഭയലേശമില്ലാതിരുന്നവർ, കണ്ണീരോടും പുഞ്ചിരിയോടും കൂടെ മുന്നേറിയവർ... മുന്നേ സഞ്ചരിച്ചവരുടെ പാത നമ്മുടെ മുമ്പാകെ തെളിഞ്ഞുകിടപ്പുണ്ട്. പുതിയ പാത നമുക്ക് വെട്ടിത്തെളിക്കേണ്ടതില്ല. നേരത്തെയുള്ള വിശുദ്ധന്മാർ സഞ്ചരിച്ച പാതയിലൂടെ പോയാൽ മാത്രം മതി.

എബ്രായനായ യോനാ, തന്റെ പിതാക്കന്മാരായ അബ്രാഹാം, യോസേഫ്, മോശെ, ദാവീദ് എന്നിവർ നടന്ന ഭക്തിയുടെ പാത വിട്ട് പുതിയ പാത വെട്ടിത്തെളിക്കാനായി ശ്രമിച്ചു. ആ പുതിയ പാതയിലൂടെ മുന്നേറാൻ ദൈവം അവനെ അനുവദിച്ചിരുന്നുവെങ്കിൽ അവൻ 'തർശീശുകാരനായ യോനാ' ആയി മാറിയേനേ. ദൈവത്തിൽ നിന്നകന്ന്, സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കാനായി, പുതിയ പാത വെട്ടിത്തെളിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം.

ദൈവവചനത്തിൽ ഇല്ലാത്ത ആശയങ്ങൾ നാം വലിച്ചെറിയണം. കുരിശ് ഒരു പൂജ്യവസ്തുവല്ല. ക്രിസ്മസ് നാം ആഘോഷിക്കേണ്ട ഓർമ്മനാളല്ല. ദൈവമക്കൾ ദൈവവചനത്തിൽ ഇല്ലാത്ത കാര്യങ്ങളിൽനിന്ന് അകന്നു നിൽക്കണം. ചിലപ്പോൾ അവ വളരെ കളർഫുൾ എന്നു നമുക്ക് തോന്നിയേക്കാം. ആ കളർഫുൾ ആയ ആശയത്തെ/ആചാരത്തെ ദൈവവചനം പിന്താങ്ങുന്നില്ലെങ്കിൽ നാം മനസ്സിലാക്കുക, അതിനെ കളർഫുൾ ആക്കിയത് പിശാചാണ്.

യോനായോട് ചോദിച്ച നാലു ചോദ്യങ്ങളിൽ അവസാനത്തെ ചോദ്യം, "നീ ഏത് ജാതിക്കാരൻ?" (Of what people are you? = നീ ഏത് ജനതയിൽ പെട്ടവനാണ്?) എന്നായിരുന്നുവല്ലോ. അതിന്റെ മറുപടിയാണ് യോനാ പറഞ്ഞത്: ഞാൻ ഒരു എബ്രായൻ. നീ ഏത് ജനതയിൽ പെട്ടവനാണ് എന്ന് നമുക്ക് സ്വയം ചോദിക്കാം. നമ്മുടെ മറുപടി, ഞാൻ ഒരു ക്രിസ്ത്യാനി എന്നായിരിക്കുമല്ലോ. എന്താണ് ക്രിസ്ത്യാനികളുടെ പ്രത്യേകത? ലോകവും സ്വർഗ്ഗവും നമ്മെ കാണുന്നത് രണ്ട് തരത്തിലാണ്. അതെപ്പറ്റി 2 കൊരി

ന്ത്യർ 6:8–10 ൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക: "...ചതിയന്മാരെന്നിട്ടും സത്യവാന്മാർ, ആരും അറിയാത്തവരെന്നിട്ടും എല്ലാവരും നല്ലവണ്ണം അറിയുന്നവർ, മരിക്കുന്നവരെന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു. ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും കൊല്ലപ്പെടാത്തവർ, ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ, ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നവർ, ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവരായിത്തന്നേ"

ഈ വാക്യത്തിലെ ആശയങ്ങളെ നമുക്ക് രണ്ടായി തിരിക്കാം.

| **ക്രിസ്ത്യാനി** | |
|---|---|
| **ലോകത്തിന്റെ നോട്ടത്തിൽ** | **സ്വർഗ്ഗത്തിന്റെ നോട്ടത്തിൽ** |
| ചതിയന്മാർ | സത്യവാന്മാർ |
| ആരാലും അറിയാത്തവർ | എല്ലാവരും നല്ലപോലെ അറിയുന്നവർ |
| മരിക്കുന്നവർ | ജീവിക്കുന്നവർ |
| ശിക്ഷിക്കപ്പെടുന്നവർ | കൊല്ലപ്പെടാത്തവർ |
| ദുഃഖിതർ | എപ്പോഴും സന്തോഷിക്കുന്നവർ |
| ദരിദ്രർ | പലരെയും സമ്പന്നർ ആക്കുന്നവർ |
| ഒന്നും ഇല്ലാത്തവർ | എല്ലാം കൈവശമുള്ളവർ |

ഈ ലോകത്തുള്ളവർ നമ്മെ ചതിയന്മാർ എന്നു വിളിക്കുമ്പോൾ ദൈവം വിളിക്കുന്നത് സത്യവാന്മാർ എന്നാണ്. ദൈവത്തിന്റെ വിളിക്കാണ് നാം മൂല്യം കൊടുക്കേണ്ടത്. ലോകത്തിൽ നാം ദരിദ്രരും ഒന്നും ഇല്ലാത്തവരും ആയിരിക്കാം. പക്ഷേ ദൈവത്തിന്റെ ദൃഷ്ടിയിൽ നാം സമ്പന്നരും എല്ലാമുള്ളവരും ആണ്. ക്രിസ്ത്യാനികൾ പലരെയും സമ്പന്നരാക്കുന്നവരാണ്. സുവിശേഷം പറഞ്ഞ് സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ അവകാശിയായി മറ്റുള്ളവരെ മാറ്റുമ്പോൾ അവർ സമ്പന്നരാവുകയാണല്ലോ ചെയ്യുന്നത്.

ഞാൻ ഒരു എബ്രായൻ എന്ന് പറഞ്ഞ് അഭിമാനത്തോടെ തലയുയർത്തിനിൽക്കുന്ന യോനായെ കാണുക. എബ്രായനായ യോനാ തന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോകുവാൻ പാടില്ലായിരുന്നു. തെറ്റായ വഴിയിലൂടെ സഞ്ചരിച്ച്, ഞാൻ ഒരു എബ്രായൻ എന്ന് പൊങ്ങച്ചം പറഞ്ഞിട്ടെന്തു ഫലം? ജീവിക്കേണ്ട പോലെ ജീവിക്കാതെ, ഞാനൊരു ക്രിസ്ത്യാനി എന്ന് അവകാശപ്പെട്ടിട്ട് എന്തു കാര്യം? ദൈവത്തിന്റെ നാമത്തിന് അവഹേളനം മാത്രമാണ് അതുനിമിത്തം സംഭവിക്കുന്നത്.

**(തുടരും)**

# കുടുംബജീവിതം:
## ചില പ്രായോഗിക ചിന്തകൾ

**-എംവിഎസ്-**

1

### ഭാഗം ഒന്ന്: ആമുഖചിന്തകൾ

ആഘോഷത്തോടെയും ആഹ്ലാദത്തോടെയും ആരംഭിക്കുന്ന കുടുംബജീവിതങ്ങൾ പലതും എന്തേ പെട്ടെന്ന് പൊട്ടിത്തകരുന്നു? സേവ് ദ ഡേറ്റ്, മധുരം വയ്പ്, വിവാഹനിശ്ചയം, വിവാഹം, ലൗസീൻ ചിത്രീകരണം എന്നു തുടങ്ങി എല്ലാറ്റിന്റേയും വീഡിയോ പിടിച്ച്, എത്രത്തോളം ആർഭാടമാക്കാമോ അത്രത്തോളം ആർഭാടമാക്കി, ലക്ഷങ്ങൾ പൊടിച്ച് കെങ്കേമമായി സമാരംഭം കുറിക്കുന്ന കുടുംബജീവിതങ്ങളാണ് അധികം വൈകാതെ ആർക്കും കൂട്ടിയോജിപ്പിക്കാൻ കഴിയാതവണ്ണം എട്ടുനിലയിൽ പൊട്ടിത്തെറിച്ച് തകർന്ന് തരിപ്പണമാകുന്നത്. എന്തുകൊണ്ട്?

ഞാൻ അവിശ്വാസികളുടെ കുടുംബജീവിതത്തെക്കുറിച്ചല്ല പറയുന്നത്. വിശ്വാസികളുടെ കുടുംബജീവിതത്തെക്കുറിച്ചാണ്. പാട്ടും പ്രാർത്ഥനയും ഉള്ളവർ, ബൈബിളും സഭായോഗവും ഉള്ളവർ, കുടുംബപ്രാർത്ഥനയും ഭവനയോഗവും ഉള്ളവർ, കർത്തൃമേശയും ബൈബിൾക്ലാസ്സും ഉള്ളവർ, സുവിശേഷവേലയും സൺഡേസ്കൂളും ഉള്ളവർ.... ഈ വക അനുഗൃഹീതകാര്യങ്ങൾകൊണ്ട് യാതൊരു ഉപകാരവും ഉണ്ടായില്ലെന്നു മറ്റുള്ളവർ പരിഹസിക്കുന്ന വിധത്തിൽ കുടുംബജീവിതങ്ങൾ ശിഥിലമാകുന്നു. ഇതിനൊരു മാറ്റം വേണ്ടേ?

തകരാതെ മുന്നോട്ടുപോകുന്ന കുടുംബജീവിതങ്ങളെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഭർത്താവും ഭാര്യയും ദൈവവചനത്തിന് കീഴടങ്ങിക്കൊണ്ട് വിജയകരമായി മുന്നോട്ടു പോകുന്ന കുടുംബജീവിതങ്ങളെ തകർക്കാൻ പിശാച് മറ്റൊരു തന്ത്രമാണ് പയറ്റുന്നത്. ഭാര്യാഭർത്താക്കന്മാരെ വേർപിരിക്കുന്നതിൽ പരാജയപ്പെട്ട ശത്രുവായ സാത്താൻ അവരുടെ മക്കളെ ഉപയോഗിച്ചാണ് ആ കുടുംബത്തിലെ സമാധാനം കളയുന്നത്. തെറ്റായ കൂട്ടുകെട്ട്, പ്രേമം, ലഹരി, വിശ്വാസമില്ലായ്മ, സഭായോഗത്തിൽ വരാനുള്ള താത്പര്യമില്ലായ്മ എന്നിങ്ങനെയുള്ള രീതിയിൽ മക്കളെ നശിപ്പിച്ച്, അതുവരെ അപ്പനും അമ്മയും കാത്തുസൂക്ഷിച്ച കുടുംബജീവിതവും കുടുംബസമാധാനവും തച്ചുകർക്കുന്നു. ഈ വിധത്തിലുള്ള സകല വെല്ലുവിളികളേയും അതിജീവിച്ചുകൊണ്ട് വിജയകരമായി മുന്നേറിയ കുടുംബങ്ങളും ഉണ്ടെന്നു അതിയായ സന്തോഷത്തോടെ ഓർക്കുകയാണ്.

**ഞങ്ങൾ 27-ാം വർഷം**

ഞാനും എന്റെ ഭാര്യയും 1998 ൽ ആരംഭിച്ച കുടുംബജീവിതം 2025 ഒക്ടോബറിൽ 27 വർഷം പൂർത്തിയാക്കി. ഞങ്ങൾക്ക് അതിന് ദൈവത്തോട് വളരെ നന്ദിയുണ്ട്. ആയുസ്സും ആരോഗ്യവും ദൈവം നൽകി. രണ്ടു പെൺമക്കളെ ദൈവം നൽകി. ആദ്യത്തെ കുറെ വർഷങ്ങളിൽ സാമ്പത്തികബുദ്ധിമുട്ട് ഞങ്ങളെ വല്ലാതെ അലട്ടിയിരുന്നുവെങ്കിലും, ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ച് അതിനെയെല്ലാം അഭിമുഖീകരിക്കാൻ ദൈവം ഞങ്ങൾക്ക് കൃപ നൽകി. ദൈവം ഞങ്ങൾക്ക് തന്നിട്ടുള്ള സാഹചര്യങ്ങൾക്കൊത്ത വിധം ഒതുങ്ങി ജീവിക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചു. കയ്യിൽ കാശില്ലാത്തപ്പോൾ കടം വാങ്ങി ഷോ കാണിക്കാൻ ഞങ്ങൾ മിനക്കെട്ടില്ല. അതുകൊണ്ട് കടഭാരമില്ലാതെ ജീവിക്കാൻ സാധിച്ചു.

ഞാനും എന്റെ ഭാര്യയും തമ്മിൽ പിണങ്ങിയിട്ടില്ലെന്നോ വഴക്കു കൂടിയിട്ടില്ലെന്നോ ഞാൻ പറയുന്നില്ല. ഉണ്ട്. പിണങ്ങി ഇരുന്നിട്ടുണ്ട്. വഴക്ക് കൂടിയിട്ടുണ്ട്. ഭക്ഷണം കഴിക്കാതിരുന്നിട്ടുണ്ട്. "കാസർഗോഡ് നിന്നും നല്ലൊരു പെങ്കൊച്ചിനെ എനിക്ക് ആലോചിച്ചതായിരുന്നു. അത് സമ്മതിച്ചാൽ മതിയായിരുന്നു. എത് നേരത്താണാവോ ഈ കുരിശ് ചുമക്കാൻ തോന്നിയത്" എന്ന് ഞാൻ അവൾ കേൾക്കെ ദേഷ്യത്തോടെ ഉറക്കെ പറഞ്ഞിട്ടുണ്ട്. "എത്രയോ നല്ല ആലോചനകൾ എനിക്കു വന്നതായിരുന്നു. എനിക്കു ഇഷ്ടമായാലും വീട്ടുകാർ സമ്മതിച്ചില്ല. എന്റെ വിധി" എന്നു എന്റെ ഭാര്യയും പറഞ്ഞുപോയിട്ടുണ്ട്. ഒക്കെ ശരി തന്നെ. പക്ഷേ ഞങ്ങൾ കഴിഞ്ഞ 27 വർഷം ഒരുമിച്ച് ജീവിച്ചു. പിണങ്ങിയതും വഴക്കുകൂടിയതും വളരെ ചുരുക്കം ദിവസങ്ങൾ മാത്രം. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദിവസങ്ങളായിരുന്നു ഏറെയും.

കുടുംബജീവിതത്തിലെ തുടക്കക്കാരായ ആളുകൾക്ക് എന്തെങ്കിലും പ്രയോജനങ്ങൾ ഉണ്ടായാലോ എന്നു കരുതിയാണ് ഞങ്ങളുടെ സ്വന്തഅനുഭവം ഇവിടെ കുറിക്കുന്നത്. വിവാഹം കഴിഞ്ഞ് ആഴ്ചകൾക്കുള്ളിലും മാസങ്ങൾക്കുള്ളിലും ചുരുങ്ങിയ വർഷങ്ങൾക്കുള്ളിലും വേർപിരിയാൻ മുട്ടിനിൽക്കുന്നവർ ദാമ്പത്യജീവിതത്തിൽ 25 ഉം 40 ഉം 50 ഉം വർഷങ്ങൾ മുന്നേറിയവരുടെ അടുക്കൽ ചെന്ന് അവരെ കണ്ടും കേട്ടും പഠിക്കട്ടെ. എന്റെ മൂത്ത മകളുടെ വിവാഹം നടന്നത് 2023 ജൂണിലാണ്. അന്ന് ഞങ്ങളുടെ ദാമ്പത്യജീവിതം 25 വർഷം ആയിരുന്നു. ഞാൻ അവളോടു പറഞ്ഞു. "നിങ്ങളുടെ 25-ാം വാർഷികവും ഞങ്ങളുടെ 50-ാം വാർഷികവും നമുക്ക് ഒരുമിച്ച് ആഘോഷിക്കണം." കുടുംബജീവിതം തകരാതെ മുന്നോട്ടു കൊണ്ടുപോകണം എന്ന ആശയം അവളിൽ ഉറപ്പിക്കാൻവേണ്ടിയാണ് ഞാൻ അങ്ങനെ പറഞ്ഞത്.

**കുഞ്ഞുകളിയല്ല കല്യാണം**

വിവാഹജീവിതത്തിന്റെ പവിത്രതയും പ്രാധാന്യവും നമ്മുടെ കുഞ്ഞുങ്ങൾ ചെറുപ്പംനാൾ മുതലേ മനസ്സിലാക്കണം. കുട്ടിക്കളിയല്ല കല്യാണം എന്നും അത് പ്രാർത്ഥനയോടും ഗൗരവത്തോടുംകൂടി സമീപിക്കേണ്ടതാണെന്നുമുള്ള തിരിച്ചറിവ് കുഞ്ഞുനാൾതൊട്ടുതന്നെ മക്കളുടെ മനസ്സിലുണ്ടായാൽ നന്നായി. അത് സ്വന്തം മാതാപിതാക്കളിൽനിന്നു തന്നെ അവർ മനസ്സിലാക്കണം. കുടുംബജീവിതത്തിന്റെ മനോഹാരിതയും സന്തോഷവും വ്യക്തമാക്കുന്ന നിലയിൽ വീട്ടിൽ സംസാരിക്കാൻ അപ്പനമ്മമാർ ശ്രദ്ധിക്കണം. എല്ലാ ദിവസവും വഴക്കും വക്കാണവുമുള്ള വീട്ടിൽ വളരുന്ന കുഞ്ഞുങ്ങൾ കുടുംബജീവിതത്തെക്കുറിച്ച് വികലമായ ആശയങ്ങൾ വച്ചുപുലർത്തുന്നവരായിത്തീരുകയേയുള്ളൂ.

"നിന്നെ കല്യാണം കഴിച്ച അന്നുമുതൽ എന്റെ ജീവിതം കുളം തോണ്ടി" എന്നു പറയുന്ന അപ്പൻ, "കല്യാണം കഴിക്കാതെ വീട്ടിൽ നിന്നാൽ മതിയായിരുന്നു" എന്നു പറയുന്ന അമ്മ, അമ്മയെ വലിച്ചിട്ട് തല്ലുന്ന അപ്പൻ, അപ്പനെക്കുറിച്ച് "വല്ല ലോറിയും കയറി ചത്താൽ മതിയായിരുന്നു" എന്നു പറയുന്ന അമ്മ... ഈ വക ഡയലോഗുകൾ വീട്ടിൽ പറയുന്നത് അപ്പോഴത്തെ അരിശം തീർക്കാനായിരിക്കാം. പക്ഷേ അത് കേൾക്കുന്ന മക്കൾ, വിവാഹജീവിതത്തിന്റെ വില മനസ്സിലാക്കാതെയായിരിക്കും വളരുന്നത്. അവരുടെ മനസ്സിൽ വിവാഹത്തെക്കുറിച്ച് വിരുദ്ധമായ ആശയങ്ങളായിരിക്കും ഉണ്ടാവുക.

എന്റെ ഒരു വിദ്യാർത്ഥിനി കന്യാസ്ത്രീയാകാൻ തീരുമാനിച്ചു. എന്താണ് ഇങ്ങനെ തീരുമാനമെടുക്കാൻ കാരണമെന്നു ചോദിച്ചപ്പോൾ, കല്യാണം കഴിക്കാൻ എനിക്ക് താത്പര്യമില്ല എന്നായിരുന്നു മറുപടി. അവളുടെ മാതാപിതാക്കളുടെ കുടുംബജീവിതത്തിലെ പൊരുത്തക്കേടുകളും പ്രശ്നങ്ങളും അവളുടെ മനസ്സിനെ അസ്വസ്ഥമാക്കുകയും വിവാഹജീവിതത്തോട് ഒരുതരം വൈമനസ്യം അവളിൽ രൂപം കൊള്ളുകയും ചെയ്തു. വിവാഹം കഴിക്കാതെ കന്യാസ്ത്രീ ആയി കഴിയാനുള്ള തീരുമാനത്തിൽ അവളെത്തിയത് അങ്ങനെയാണ്.

പ്രാർത്ഥനയ്ക്ക് വരുന്ന ഒരു എട്ടുവയസ്സുകാരി ഏതോ ഒരു പ്രത്യേക സന്ദർഭത്തിൽ പറഞ്ഞത് ഇങ്ങനെ: "ഞാൻ കല്യാണം കഴിക്കില്ല. കെട്ട്യോൻ തല്ലിച്ചതയ്ക്കും". എവിടെനിന്നാണ് ഈ എട്ടുവയസ്സുകാരിക്ക് ഈ ആശയം ലഭിച്ചത്? അവളുടെ സ്വന്തം വീട്ടിൽ നിന്ന്! അവളുടെ അപ്പൻ അമ്മയെ തല്ലിച്ചതയ്ക്കുമായിരുന്നു. അമ്മയുടെ കണ്ണീരും നിലവിളിയും അവൾ ഇടയ്ക്കിടെ കാണുന്നുണ്ടായിരുന്നു.

**(തുടരും)**

# ഒരുമിച്ച് 50 വർഷങ്ങൾ

"യഹോവാഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും" (സങ്കീ.128:4)




**ബ്രദർ ടി. എസ്. ഏലിയാസ്, കാഞ്ഞിരാട് ലോക്കൽ ചർച്ചിലെ എൽഡറാണ്. (കോഴിക്കോട് ജില്ല, കോടഞ്ചേരി പഞ്ചായത്ത്). ചിന്നമ്മ ഏലിയാസ് ആണ് അദ്ദേഹത്തിന്റെ ഭാര്യ. കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ അവരോട് ചില ചോദ്യങ്ങൾ; അവയ്ക്ക് ബ്രദർ ടി. എസ്. ഏലിയാസിന്റെ മറുപടി:**

-എംവിഎസ്-

**Episode 1**

1. *എന്നായിരുന്നു നിങ്ങളുടെ വിവാഹം?*

   1975 നവംബർ 10

2. *എത്ര മക്കൾ?*

   ഞങ്ങൾക്ക് നാല് പെൺകുട്ടികളാണ്

3. *ആൺമക്കൾ ഇല്ലാത്തതിൽ വേദന തോന്നിയിട്ടുണ്ടോ?*

നാലാമത്തെ കുഞ്ഞും പെണ്ണായപ്പോൾ എനിക്ക് വേദന തോന്നി. ഹോസ്പിറ്റലിന്റെ മുറ്റത്തിരുന്ന് കരഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. എന്നാൽ ചില വർഷങ്ങൾക്കുശേഷം, ഇതാണ് ദൈവം ഞങ്ങൾക്കു തന്നതെന്നും ഇതാണ് നന്മയെന്നും ഉള്ള തിരിച്ചറിവ് ഞങ്ങൾക്കുണ്ടായി. പിന്നെ അതിനെക്കുറിച്ചുള്ള ദുഃഖവും പ്രയാസവുമില്ലാതെ മുന്നോട്ടുപോകാൻ കഴിഞ്ഞു.

4. *നാല് പെൺമക്കളേയും നല്ല രീതിയിൽ പഠിപ്പിക്കുകയും വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. ഇതെല്ലാം എങ്ങനെ നടക്കും എന്നോർത്ത് ഒരു കാലത്ത് ടെൻഷൻ അനുഭവിച്ചിട്ടുണ്ടോ?*

മൂത്ത മകൾ സോമി നഴ്സിംഗ് കഴിഞ്ഞതാണ്. ബാംഗ്ലൂരിൽ താമസം. രണ്ടാമത്തെ മകൾ സോളി കമ്പ്യൂട്ടർ എഞ്ചിനീയർ ആണ്. മൂവാറ്റുപുഴയിൽ താമസിക്കുന്നു. മൂന്നാമത്തെ മകൾ ബബിത MSc Medical Microbiology, BEd എന്നീ ബിരുദങ്ങൾ ഉള്ളയാളാണ്. ബാംഗ്ലൂരിൽ താമസം. നാലാമത്തെ മകൾ ബിന്നു BSc Nursing പഠിച്ചു. തൃശ്ശൂരിൽ താമസിക്കുന്നു.

നാലു മക്കൾക്കും വിദ്യാഭ്യാസം കൊടുത്തു. വിവാഹം കഴിപ്പിച്ചു. എല്ലാം ദൈവത്തിന്റെ കരുതലാണ്. ഞങ്ങൾ രക്ഷിക്കപ്പെടുന്നതിനു മുമ്പ് വലിയ മാനസികപ്രയാസം അനുഭവിച്ചിരുന്നു. ഇവരെയെല്ലാം എങ്ങനെ വിവാഹം കഴിപ്പിച്ചയക്കും? സാമ്പത്തികമായി വലിയ ഭദ്രതയൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾക്ക് ടെൻഷൻ ഉണ്ടായിരുന്നു. എന്നാൽ രക്ഷിക്കപ്പെട്ടതിനുശേഷം അങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടായില്ല. എങ്കിലും പിന്നീട് മക്കളുടെ വിവാഹം നടക്കാതെ വന്നപ്പോൾ ടെൻഷൻ ആയി. എന്താണ്, എവിടെനിന്നാണ്, എങ്ങനെയാണ് എന്നൊക്കെ ഓർത്ത് ഭാരപ്പെട്ടു. 26 വയസ്സായപ്പോൾ മൂത്ത മകളുടെ വിവാഹം നടന്നു. ആ വിവാഹം കഴിഞ്ഞതോടെ, ദൈവം തക്കസമയത്ത് പ്രവർത്തിക്കും എന്നൊരു ധൈര്യവും ഉറപ്പും ഞങ്ങൾക്കുണ്ടായി.

5. *നിങ്ങൾ വിശ്വാസജീവിതം ആരംഭിച്ചിട്ട് എത്ര നാൾ ആയി? ഒരുമിച്ചാണോ, അതോ വ്യത്യസ്ത സമയത്താണോ നിങ്ങൾ രണ്ടുപേരും രക്ഷിക്കപ്പെട്ടത്? രക്ഷിക്കപ്പെടുന്നതിന് മുമ്പും ശേഷവും കുടുംബജീവിതത്തിൽ എന്ത് വ്യത്യാസമാണ് അനുഭവപ്പെട്ടത്?*

1997 ഫെബ്രുവരി 15 നാണ് ഞങ്ങൾ വിശ്വാസജീവിതത്തിലേക്ക് വരുന്നത്. ആദ്യമായി ആരാധനായോഗത്തിൽ പങ്കെടുത്തത് അന്നാണ്. മെയ് മാസത്തിൽ ഞങ്ങൾ കർത്താവിനെ രക്ഷിതാവായി ഏറ്റുപറഞ്ഞു. തുടർന്ന് സ്നാനപ്പെട്ടു. അന്നു മുതൽ ഇന്നു വരെ ഞങ്ങളെല്ലാവരും വിശ്വാസജീവിതത്തിൽ നിൽക്കുന്നു.

രക്ഷിക്കപ്പെട്ടതിനു ശേഷം ഞങ്ങളുടെ കുടുംബജീവിതത്തിൽ വലിയ വ്യത്യാസമാണ് ഉണ്ടായത്. സ്നേഹം ഞങ്ങൾക്ക് മുന്നും ഉണ്ടായിരുന്നുവെങ്കിലും, രക്ഷിക്കപ്പെട്ടതിനുശേഷം അത് പ്രകടിപ്പിക്കുന്ന രീതിയിൽ വലിയ വ്യത്യാസം വന്നു. പരസ്പരം കരുതുന്നതിലും ക്ഷമിക്കുന്നതിലും വ്യത്യാസം വന്നു. വിട്ടുവീഴ്ച ചെയ്യുന്നതിൽ വ്യത്യാസം വന്നു.

6. *രണ്ടുപേരും ജീവിതത്തിൽ ഏറ്റവുമധികം സന്തോഷിച്ച ഒരു സന്ദർഭം പറയാമോ?*

എന്റെ കുടുംബാംഗങ്ങൾ എല്ലാവരും നല്ല വീടുകൾ പണിയുകയും വാഹനങ്ങൾ വാങ്ങുകയും ചെയ്തപ്പോൾ, ഞാൻ മാത്രം ചെറിയൊരു വീട്ടിൽ ജീവിച്ചു. പലരുടെയും ഭാഗത്തുനിന്ന് വിമർശനങ്ങൾ നേരിട്ടു. ഇവർ വിശ്വാസജീവിതത്തിലേക്ക് പോയതുകൊണ്ടാണ് ഒരു നന്മയും ലഭിക്കാതെ പോയത് എന്ന് ചിലർ പറഞ്ഞു. പല നിലകളിൽ പരിഹാസങ്ങൾ ഏൽക്കുവാൻ ഇടയായി. എല്ലാവർക്കും വാർക്കവീടുകളും വാഹനങ്ങളും ഉണ്ട്. നിങ്ങൾക്ക് മാത്രം ഇല്ലല്ലോ എന്ന് ചിലർ കളിയാക്കി ചോദിച്ചു. പോരാത്തതിന് ഞങ്ങൾക്ക് 4 പെൺകുട്ടികളും ആണ്.

മക്കളുടെ വിദ്യാഭ്യാസം, വിവാഹം, പ്രസവം ഇങ്ങനെ ഓരോരോ കാര്യങ്ങൾ നിമിത്തം ഞങ്ങൾക്ക് നല്ലൊരു വീട് വയ്ക്കുവാൻ കഴിയാതെ പോയി. പക്ഷേ 2010 ൽ ഞങ്ങൾക്ക് നല്ലൊരു ഭവനം പണിയാൻ ഇടയായി. ദൈവം സാഹചര്യങ്ങളെ അനുകൂലമാക്കി. കടബാധ്യതകളില്ലാതെ ജീവിക്കാൻ സ്വർഗ്ഗത്തില ദൈവം കൃപ ചെയ്തു. ചില നന്മകൾ ലഭിക്കാൻ വൈകുമ്പോൾ നാം ആരോടും അസൂയപ്പെട്ടിട്ടു കാര്യമില്ല. ദൈവം നമുക്ക് വച്ചിരിക്കുന്ന സമയത്ത് അത് തരും. ആ ഭവനം ലഭിച്ചപ്പോൾ കണ്ണുനീരോടുകൂടി നന്ദി പറയാൻ ഞങ്ങൾക്ക് സാധിച്ചു.

7. *മനസ്സിനെ ഏറ്റവുമധികം വിഷമിപ്പിച്ച ഒരു സന്ദർഭം വായനക്കാരുമായി പങ്കുവയ്ക്കാമോ?*

2017 ൽ എനിക്കൊരു വാഹനാപകടമുണ്ടായി. റോഡിൽ കിടന്നിരുന്ന ഞാൻ മരിച്ചുവെന്ന് ആളുകൾ വിചാരിച്ചു, പോലീസിനെ വിവരമറിയിച്ചു. എന്നാൽ വിവരമറിഞ്ഞെത്തിയ എന്റെ ചില അയൽവാസികൾ എന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. അവിടെ എത്തിയപ്പോഴാണ് എനിക്ക് ജീവനുണ്ടെന്ന് അവർക്ക് മനസ്സിലായത്. കുറച്ചധികം ദിവസത്തേക്ക് ഞങ്ങളെ വേദനിപ്പിച്ച സംഭവമാണത്. പിന്നീട് 2019 ൽ എനിക്ക് സ്ട്രോക്ക് വന്നു. മുഖം കോടി, നാക്ക് കുഴഞ്ഞു. അവിടെയും ദൈവം കൃപ ചെയ്തു. രണ്ട് മാസം കൊണ്ട് ആരോഗ്യത്തോടെ എഴുന്നേൽക്കാൻ എനിക്ക് കഴിഞ്ഞു.

പിന്നീട് 2020 ഏപ്രിലിൽ കോവിഡ്കാലത്ത് ഭാര്യയ്ക്ക് കാൻസർ രോഗം പിടിപെട്ടു. നാലാമത്തെ സ്റ്റേജായിരുന്നു. ഈ വാർത്ത ഞങ്ങളെ വളരെയധികം വേദനിപ്പിച്ച കാര്യമാണ്. എങ്കിലും ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനം നടന്നു. അവളുടെ കൂടെ ചികിത്സയിലായിരുന്ന ചിലർ, അവളേക്കാൾ പ്രായം കുറഞ്ഞവർ, മാറ്റപ്പെട്ടപ്പോഴും അവളിന്നും ആരോഗ്യത്തോടെ ഇരിക്കാൻ ദൈവം കരുണ കാണിച്ചു.

*8. മരുമക്കൾ എങ്ങനെയുണ്ട്?*

ഞങ്ങളുടെ നാലു മരുമക്കളും ഞങ്ങളുടെ ഏതൊരു കാര്യത്തിനും സ്നേഹത്തോടെ ഇടപെടുന്നവരാണ്. ഞങ്ങളുടെ ചികിത്സാകാര്യത്തിലോ ഞങ്ങൾക്കെന്തെങ്കിലും തരുന്ന കാര്യത്തിലോ മക്കളെ വീട്ടിലേക്ക് വിടുന്ന കാര്യത്തിലോ ഒന്നും അവർ ഒരു തടസ്സവും പറയാറില്ല. ഞങ്ങളുടെ മക്കളും അവരുടെ ഭർത്താക്കന്മാരും ഞങ്ങളോട് വളരെ സ്നേഹത്തോടെ പെരുമാറുന്നു എന്നത് ഞങ്ങൾക്ക് വലിയ സന്തോഷം തരുന്ന കാര്യമാണ്.

*9. പല വിവാഹജീവിതങ്ങളും അധികകാലം നിലനിൽക്കുന്നില്ല. പക്ഷേ നിങ്ങൾ 50 വർഷം പൂർത്തിയാക്കി. കുടുംബജീവിതം നയിച്ചുകൊണ്ടിരിക്കുന്ന മറ്റുള്ളവരോട്, പ്രത്യേകിച്ച് യുവാക്കളോട് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?*

50 വർഷം തികയ്ക്കുവാൻ ദൈവത്തിന്റെ കൃപ ലഭിച്ചു എന്നതാണ് പ്രധാനപ്പെട്ട കാര്യം. അനുഗ്രഹകരമായ കുടുംബജീവിതം നയിക്കാൻ നാം വിട്ടുവീഴ്ച ചെയ്യാനും പലതും മറക്കാനും ക്ഷമിക്കാനും മനസ്സുവയ്ക്കണം. പ്രശ്നങ്ങളുണ്ടാവുകയില്ല എന്നല്ല. വിഷയങ്ങളുണ്ടാകും. അന്ന് വൈകുന്നേരമാവുമ്പോഴേക്കും അത് പരിഹരിക്കണം. ബൈബിൾ പറയുന്നതുപോലെ, സൂര്യൻ അസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത്. പങ്കാളിയോട് ക്ഷമിക്കാനുള്ള മനസ്സുണ്ടെങ്കിലേ കുടുംബജീവിതം നന്നാവുകയുള്ളൂ. പിണക്കം നീട്ടിക്കൊണ്ടുപോയാൽ പ്രത്യേകിച്ചൊന്നും കിട്ടാനില്ല. അതുകൊണ്ട് അന്ന് രാത്രിയാവുമ്പോഴേക്കും ആ പിണക്കം തീർക്കണം. സന്തോഷത്തോടെ കിടന്നുറങ്ങാൻ കഴിയണം. ഇത് ഞങ്ങൾക്ക് അനുഭവത്തിൽ നിന്ന് മനസ്സിലായ കാര്യമാണ്. ഞങ്ങൾ ഇന്നും ഇത് പിന്തുടരുന്നു.

നമ്മുടെ ഭവനത്തിലേക്ക് എപ്പോൾ വേണമെങ്കിലും ആരെങ്കിലും കടന്നുവരാം. അത് മുന്നിൽ കണ്ടുവേണം നമ്മുടെ പെരുമാറ്റം. മക്കളുടെ മുമ്പിൽ സ്നേഹമുള്ള കുടുംബജീവിതം നയിക്കാൻ നമുക്ക് കഴിയണം. ക്ഷമിക്കണം. പരസ്പരം വിട്ടുവീഴ്ച ചെയ്യണം. എങ്കിൽ മാത്രമേ സാക്ഷ്യമുള്ള ഒരു ക്രിസ്തീയജീവിതം നയിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

ഞാനും എന്റെ ഭാര്യയും ഈ ദേശത്ത് തന്നെ ജനിച്ചുവളർന്നവരാണ്. ഈ ദേശത്ത് ഞാൻ 72 വർഷവും എന്റെ ഭാര്യ 69 വർഷവും ജീവിക്കുന്നു. ഇവിടെ എല്ലാവർക്കും ഞങ്ങളെ അറിയാം. ഞങ്ങളെക്കുറിച്ച് അധികം ദോഷമൊന്നും പറയാൻ ഇടവരാതെ, സാക്ഷ്യമുള്ള ഒരു ജീവിതം നയിക്കാൻ ഇടയായി. ദൈവകൃപയാണ് ഇതിനെല്ലാം പുറകിലുള്ളത്. ഞങ്ങളുടെ മക്കളും മരുമക്കളും കൊച്ചുമക്കളും ക്രിസ്തീയജീവിതം നയിച്ചുവരുന്നു. ദൈവത്തിനു മഹത്വം!

# ഇമ്മാനുവിന്റെ സംശയങ്ങൾ

47

## എംവിഎസ്

## *ഗാന്ധിയൻ ഇമ്മാനു!*

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

ഏത് നേരത്താണാവോ എനിക്ക് അവനെയും കൊണ്ട് കാസർഗോഡ് പോകാൻ തോന്നിയത്?

എന്റെ മോനായതുകൊണ്ട് പറയുന്നതല്ല. ഒരു പൊതുശല്യമാണ് അവൻ.

അവന്റെ പേരറിയില്ലേ? ഇമ്മാനു എന്നാണ്. നാലാംക്ലാസ്സിൽ പഠിക്കുന്നു. ഇങ്ങനെയൊരു തലതെറിച്ച മുതൽ...

കാസർഗോഡുകാരുടെ മലയാളം ഇമ്മാനുവിന് 'ക്ഷ' പിടിച്ചു. അവൻ തൃശ്ശൂർ വന്നിട്ടും അതേ സ്ലാങ് തന്നെ പറഞ്ഞുനടക്കുകയാണ്.

അവൻ ഒരു അപ്പാപ്പനോട് പറഞ്ഞത് കേൾക്കണോ? "അപ്പാപ്പാ, വടക്കേ സ്റ്റാൻഡിൽ എത്തുമ്പോ ബസ്സിൽനിന്ന് കീയണം."

അമ്പരന്നുപോയ അപ്പാപ്പനോട് ഞാൻ കാര്യം പറഞ്ഞു, "ബസ്സിൽ നിന്ന് ഇറങ്ങണം" എന്നാണുദ്ദേശിച്ചത്. ഇതു പറഞ്ഞ് ഞാൻ ഇമ്മാനുവിന്റെ കയ്യിൽ നന്നായി ഒന്നു നുള്ളി.

കാസർഗോഡ് ചെന്നപ്പോൾ ഒരു ഹോട്ടലിൽ ഞങ്ങൾ കയറിയിരുന്നു. അപ്പോൾ ഒരു 'കാസറോട്ടുകാരൻ' ചങ്ങാതി വന്നിരുന്ന് "ഏയിന്റെ ബെള്ളോം കോയീന്റെ ദോശേം" ഓർഡർ ചെയ്തു.

"എന്താ പപ്പാ ഏയീന്റെ ബെള്ളം, കോയീന്റെ ദോശ?" ഇമ്മാനു അവന്റെ സംശയം എന്നോടു ചോദിച്ചു.

ഞാൻ കൈ മലർത്തി.

"ഒരു ഐഡിയ!" ഇമ്മാനു ഇങ്ങനെ പറഞ്ഞപ്പോൾ ഞാൻ അവനെ കൗതുകത്തോടെ നോക്കി. അവൻ പറഞ്ഞു: "സാധനങ്ങൾ കൊണ്ടുവരുമ്പോൾ നമുക്കറിയാമല്ലോ"

ഒറ്റ വീക്ക് വച്ചുകൊടുക്കാനാണ് എനിക്ക് തോന്നിയത്.

ആ ചങ്ങാതി ഓർഡർ ചെയ്ത സാധനങ്ങൾ എത്തി. സെവൻ അപ്പിന്റെ ഒരു കുപ്പിയും ഒരു ഓംലറ്റും!

സെവൻഅപ്പിന്റെ കുപ്പിയിൽ 7 എന്നെഴുതിയിരിക്കുന്നത് കണ്ട്, 'ഏഴിന്റെ വെള്ളം' എന്നും പറഞ്ഞ് ഇമ്മാനു വാ പൊത്തി ചിരിച്ചു.

ഓംലറ്റ് കണ്ടപ്പോൾ എനിക്കും ചിരി അടക്കാനായില്ല. 'കോഴിയുടെ ദോശ!' കേരളത്തിൽ തന്നെ പലരീതിയിലുള്ള സംസാരരീതികൾ.

വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഇമ്മാനു അവന്റെ അമ്മയോട് കോയീന്റെ ദോശ ഉണ്ടാക്കിത്തരണം എന്നു പറഞ്ഞു.

അവൾ കാര്യം പിടികിട്ടാതെ എന്നെ നോക്കി. "ഓംലറ്റാണ് ഉദ്ദേശിച്ചത്" ഞാൻ പറഞ്ഞു.

ദേഷ്യം വന്ന അവൾ വടിയെടുത്ത് ഒരെണ്ണം പൊട്ടിച്ചു. അവന് ഓടി രക്ഷപ്പെടാനോ ഒഴിഞ്ഞുമാറാനോ കഴിഞ്ഞില്ല.

വേദനകൊണ്ട് അവൻ പുളഞ്ഞു. വാസ്തവത്തിൽ ചെറിയൊരു അടി കൊടുക്കാനേ ഭാര്യ ഉദ്ദേശിച്ചിരുന്നുള്ളൂ. പക്ഷേ അത് അല്പം കനം കൂടിപ്പോയി.

അവൻ പിണങ്ങി ഒരു റൂമിൽ കയറി വാതിലടച്ചു.

അന്നു മുതൽ അവൻ പ്രശ്നക്കാരനായി. ഭക്ഷണം കഴിക്കില്ല. ഞാനും അവന്റെ ഭാര്യയും എന്തു പറഞ്ഞാലും അവൻ അനുസരിക്കില്ല.

ദേഷ്യം വന്നിട്ട് ഞാൻ അവനെ വലിച്ചിട്ട് കുറെ തല്ലി. അവന്റെ കരച്ചിൽ കേട്ട് അയൽവാസിയായ അന്ത്രോസ്ബ്രദർ ഓടിവന്നു. "മാറ് ബ്രദറേ" എന്നും പറഞ്ഞ് എന്നെ തള്ളിമാറ്റിയ അന്ത്രോസ്ബ്രദർ ഇമ്മാനുവിനോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു.

അവൻ വാശിയോടെ പറഞ്ഞു: "എന്നെ എത്ര തല്ലിയാലും ഞാൻ എന്റെ സത്യാഗ്രഹവും നിസ്സഹകരണവും അവസാനിപ്പിക്കില്ല. ഗാന്ധിജിയാണ് എന്റെ റോൾമോഡൽ."

തൊണ്ടയിൽ മുള്ള് കുരുങ്ങിയതുപോലെ അന്ത്രോസ്ബ്രദർ നിന്നു.

'ഇവനൊക്കെ വലുതായാൽ എന്താവും കഥ?' എന്ന് ചോദിക്കുന്ന ഭാവത്തിൽ അന്ത്രോസ്ബ്രദർ എന്നെ നോക്കി.

തക്കസമയത്താണ് മൂപ്പന്റെ വരവ്. ഇമ്മാനുവിന് ആശ്വാസമായി. മൂപ്പൻ ഉള്ളപ്പോൾ തല്ല് കിട്ടില്ല എന്ന് അവനറിയാം.

ഞാൻ കാര്യങ്ങൾ മൂപ്പനോട് വിശദീകരിച്ചു.

"ഇമ്മാനു.." മൂപ്പൻ സ്നേഹത്തോടെ അവനെ വിളിച്ചു.

"ഗാന്ധിജിയുടെ കയ്യിലെ രണ്ട് ആയുധങ്ങളായിരുന്നു, സത്യാഗ്രഹവും നിസ്സഹകരണവും. ഇവ ഗാന്ധിജി പ്രയോഗിച്ചത് നമ്മുടെ നാട് കയ്യേറിയ ബ്രിട്ടീഷ്കാർക്ക് എതിരെയായിരുന്നു. കേട്ടോ?" ഇമ്മാനു തലയാട്ടി.

മൂപ്പൻ തുടർന്നു: "ആ പേരും പറഞ്ഞ് ഇമ്മാനു മാതാപിതാക്കളുടെ നേരെ നിസ്സഹകരണം നടത്തിയാൽ അത് എങ്ങനെ ശരിയാകും? അതിനെ ധിക്കാരം എന്നാണ് പറയുക. ഇമ്മാനു പട്ടിണി കിടക്കുന്നത് നിരാഹാരമായി കണക്കാക്കാൻ പറ്റില്ല. അത് വാശിയായി മാത്രമേ കാണാനൊക്കൂ."

"അതുകൊണ്ട് ഇമ്മാനു നല്ല കുട്ടിയായി പപ്പയേയും മമ്മിയേയും അനുസരിച്ച് ജീവിക്കണം. കേട്ടോ?"

ഇമ്മാനു തലയാട്ടി.

## സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 72

-എംവിഎസ്-

# കൊമ്പന്മാരുടെ ഏറ്റുമുട്ടൽ

ഇന്ത്യയുടെ മണ്ണിൽ കാലുറപ്പിച്ച് നിന്നുകൊണ്ട് പരസ്പരം വഴക്കടിച്ച് യുദ്ധം ചെയ്ത വിദേശികളുടെ കഥ നമുക്കറിയാമല്ലോ. ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും ഇവിടെ പല തവണ ഏറ്റുമുട്ടി. 'കർണ്ണാട്ടിക് യുദ്ധങ്ങൾ' എന്ന പേരിൽ അത് ചരിത്രത്തിൽ അറിയപ്പെടുന്നു. ഏറ്റുമുട്ടിയത് ഇംഗ്ലണ്ടും ഫ്രാൻസും ആണെങ്കിലും അത് ഇന്ത്യൻമണ്ണിൽ വച്ചായതുകൊണ്ട് നഷ്ടം നമുക്കു തന്നെയാണ്. രണ്ട് ഗുണ്ടാടീമുകൾ നമ്മുടെ വീട്ടിനകത്തു വച്ച് ഏറ്റുമുട്ടിയാൽ എന്തായിരിക്കും അവസ്ഥ! ഏറ്റുമുട്ടുന്നത് ഗുണ്ടകളാണെങ്കിലും നശിപ്പിക്കപ്പെടുന്നത് നമ്മുടെ വീടും സാധനങ്ങളുമാണല്ലോ.

ഡച്ചുകാരുമായും ഇംഗ്ലണ്ടുകാർ ഏറ്റുമുട്ടി. അതിന് നമുക്കെന്ത് എന്നല്ലേ? അവർ ഏറ്റുമുട്ടിയത് നമ്മുടെ മണ്ണിലാണ്. വല്ലവന്റെയും സ്ഥലത്തുനിന്നുകൊണ്ട് ഏറ്റുമുട്ടുന്നതുകൊണ്ട് അവർക്ക് വലിയ നഷ്ടമൊന്നുമില്ല. നമ്മുടെ മണ്ണും പ്രകൃതിയുമാണ് നശിപ്പിക്കപ്പെടുന്നത്. മാത്രമല്ല, യുദ്ധത്തെത്തുടർന്ന് അതിന് വേണ്ടി വന്ന ചെലവ് നികുതിരൂപത്തിൽ നമ്മിൽ നിന്നു പിരിക്കുന്നു. ഉള്ള നികുതി കൂട്ടുന്നു. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ പണമുപയോഗിച്ച്, നമ്മുടെ മണ്ണിൽ നിന്നുകൊണ്ട് അവർ യുദ്ധം ചെയ്യുന്നു. എല്ലാ യുദ്ധങ്ങളും ജയിച്ച ബ്രിട്ടന് നേട്ടം; കോട്ടം മുഴുവൻ ഭാരതത്തിനും!

1700കളിൽ നടന്ന ഈ യുദ്ധങ്ങളെക്കുറിച്ച് ഇപ്പോൾ ഓർക്കാൻ എന്താണ് കാര്യമെന്നു പറയാം. കേരളത്തിൽ സർക്കാരും ഗവർണറും പല കാര്യത്തിലും ഏറ്റുമുട്ടിയ സ്ഥിതിയുണ്ടായി. സർവകലാശാലകളിലെ വൈസ്ചാൻസലർ നിയമനം, നിയമസഭ പാസാക്കിയ ബില്ലുകൾ ഗവർണർ അംഗീകരിക്കാത്തത് എന്നിങ്ങനെയുള്ള പ്രശ്നങ്ങളെല്ലാം അന്തിമതീർപ്പ് കല്പിക്കാനായി കോടതി കയറി. സുപ്രീംകോടതിയിലടക്കം കഴിഞ്ഞ അഞ്ചുവർഷമായി നിയമപോരാട്ടം നടക്കുന്നു. ലക്ഷങ്ങളാണ് ഗവൺമെൻറും ഗവർണറും ഇതിനുവേണ്ടി ചെലവഴിച്ചത്.

പൊതുജനത്തിന്റെ പ്രയോജനത്തിനുവേണ്ടിയാണെന്നും പറഞ്ഞ് ഗവൺമെന്റും ഗവർണറും ഏറ്റുമുട്ടുന്നത് ബഹുകേമം തന്നെ! രണ്ടു കൂട്ടരും മുതിർന്ന അഭിഭാഷകരെയാണ് രംഗത്തിറക്കിയത്. ജയത്തിൽ കുറഞ്ഞ് യാതൊന്നും അവർ ആഗ്രഹിക്കുന്നില്ല. വീറും വാശിയുമുള്ള പോരാട്ടം.

പത്രത്തിലൂടെയും ടിവിയിലൂടെയും ഇത് സംബന്ധിച്ച വാർത്തകൾ ജനം ആവേശത്തോടെ ആസ്വദിക്കുന്നു. ചായക്കടയിലും മറ്റുള്ളിടത്തും ഇത് സംബന്ധിച്ച ചർച്ചകൾ നടക്കുന്നു. തർക്കങ്ങൾ നടക്കുന്നു. ടെലിവിഷനിൽ വാശിയേറിയ അന്തിച്ചർച്ചകൾ അരങ്ങേറുന്നു.

പക്ഷേ ഒരു കാര്യം മാത്രം പലരും മറന്നു. ഏറ്റുമുട്ടുന്നത് സർക്കാരും ഗവർണറുമാണ്. അതിനുവേണ്ടി രണ്ടുകൂട്ടരും ചെലവഴിക്കുന്ന ലക്ഷങ്ങൾ നമ്മുടെ പണമാണ്. പൊതുജനത്തിന്റെ അദ്ധ്വാനഫലത്തിൽനിന്ന് പിടിച്ചെടുക്കുന്ന നികുതിപ്പണമാണ് രണ്ടുകൂട്ടരും ഉപയോഗിക്കുന്നത്. അത്യാവശ്യകാര്യങ്ങൾക്കുപോലും കാശ് തികയാത്ത സർക്കാർഖജനാവിൽ നിന്നാണ് ഇതിനെല്ലാമുള്ള പണമുപയോഗിക്കുന്നത്. 'പണ്ടേ ദുർബല, പിന്നെ ഗർഭിണീം' എന്ന അവസ്ഥയായിപ്പോയി നമ്മുടെ ഖജനാവിന്!

അതൊക്കെ പോകട്ടെ. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര ലക്ഷമാണ് രണ്ടു കൂട്ടരും ഇതിനുവേണ്ടി ചെലവഴിച്ചത്? അത് ആർക്കും അറിഞ്ഞുകൂടത്രേ! അപ്പോൾ ഇതിനൊന്നും കണക്കില്ലേ? 2025 ഒക്ടോബർ 22 ലെ പത്രവാർത്തയിൽ വായിച്ചത് ഇങ്ങനെയാണ്: "സർക്കാർ X ഗവർണർ കേസ്. ചെലവിട്ട തുകയുടെ കണക്കില്ല" ആ പത്രവാർത്തയുടെ ചില വരികൾ താഴെ കൊടുക്കുന്നു:

> ...കഴിഞ്ഞ അഞ്ചുവർഷം ഇതിനായി നിയമപ്പോരാട്ടം നടത്തിയ സർക്കാർ ഇതിനായി എത്ര പണം ചെലവിട്ടു എന്നതിന് ഉത്തരമില്ല. ഇത് സംബന്ധിച്ച് വിവരാവകാശനിയമപ്രകാരമുള്ള ചോദ്യത്തിനാണ് നിയമവകുപ്പും അഡ്വക്കറ്റ് ജനറൽ ഓഫീസും കൈമലർത്തിയത്. ഏജി ഓഫീസിൽ നിന്നു വിവരം ലഭിക്കുമെന്നറിയിച്ച് ആർടിഐ അപേക്ഷ നിയമവകുപ്പ് അവിടേക്ക് അയച്ചെങ്കിലും പല ഫയലിലും രജിസ്റ്ററിലുമാണ് വിവരങ്ങളെന്നും ഉത്തരം നൽകാൻ സാധിക്കില്ലെന്നും ഏജി ഓഫീസ് മറുപടി നൽകി.

സന്തോഷം. പരമസന്തോഷം. കണക്ക് കൃത്യമായി പറയാൻ കഴിയില്ലെങ്കിലും പൊതുഖജനാവിൽനിന്ന് പൊതുജനത്തിന്റെ പണം എടുത്ത് ഉപയോഗിക്കുന്നതിൽ പിശുക്കൊന്നും കാണിക്കരുത്. കണക്കൊന്നും ചോദിച്ച് ആരും ബുദ്ധിമുട്ടിക്കാൻ വരില്ല.

കോവർകഴുതകളുടെ സംസ്ഥാനയോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തുവത്രേ! നമ്മളാണോ, കേരളീയരാണോ കോവർകഴുതകൾ എന്ന ചോദ്യത്തോടെയാണത്രേ യോഗം അവസാനിച്ചത്. കോവർഡോങ്കികൾക്ക് വരെ കാര്യം പിടികിട്ടി. ■

## www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th November 2025

Posted at
Thrissur RMS

**ആനുകാലികം**

## സഭാഷ്! സുപ്രീംകോടതി!

2022 ലെ പെസഹാവ്യാഴാഴ്ച ഫത്തേഫൂരിലെ ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യയിൽ 90 ഹിന്ദുക്കളെ നിർബന്ധിച്ച് മതം മാറ്റിയെന്ന് ആരോപിച്ച് വിശ്വഹിന്ദുപരിഷത്ത് നൽകിയ പരാതിയിൽ ഉത്തർപ്രദേശ് പോലീസ് ചുമത്തിയ കേസുകൾ സുപ്രീംകോടതി റദ്ദാക്കി.

യുപി പോലീസ് ഹാജരാക്കിയ വീഡിയോദൃശ്യം സുപ്രീംകോടതി പരിശോധിച്ചു. "എന്നോട് ചോദിച്ചുകൊൾക. ഞാൻ നിനക്ക് ജനതയെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" എന്ന ബൈബിൾവചനം പ്രസംഗിക്കുന്നതാണ് ദൃശ്യത്തിലുള്ളത്. ഇതിലൂടെ സ്വത്തും സുഖസൗകര്യവും വാഗ്ദാനം ചെയ്ത് ആളുകളെ വശീകരിക്കാൻ ശ്രമിച്ചെന്നായിരുന്നു പോലീസ് വാദം. ബൈബിൾവചനം പറഞ്ഞതിന് കേസ് എങ്ങനെ എടുക്കുമെന്നും, ബൈബിൾവചനം പറഞ്ഞത് എങ്ങനെ മതപരിവർത്തനമാകുമെന്നും കോടതി ചോദിച്ചു.

ക്രിമിനൽ നിയമങ്ങൾ നിരപരാധികളെ ഉപദ്രവിക്കാനുള്ള ഉപകരണമാക്കരുത്. ഇല്ലാത്ത തെളിവുകളുണ്ടാക്കി, അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് തോന്നുംപടി പ്രവർത്തിക്കാനുള്ള വഴിയായി ഇത് മാറും. മതകൂട്ടായ്മയും മതത്തിന്റെ പേരിലെ സന്നദ്ധപ്രവർത്തനവും നടത്തുന്നത് യുപി മതപരിവർത്തന നിരോധനനിയമത്തിൽ കുറ്റകൃത്യമായി പറഞ്ഞിട്ടില്ല. ഇന്ത്യൻ ശിക്ഷാനിയമവും ഇത് വിലക്കുന്നില്ല. കോടതി ചൂണ്ടിക്കാട്ടി. *(2025 ഒക്ടോബർ 19 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V